## പതിനാലാം കേരള നിയമസഭ
### പതിനാറാം സമ്മേളനം

### ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1679** **01-11-2019-ൽ മറുപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സജി ചെറിയാൻ** | | **ശ്രീ.എ.സി.മൊയ്തീൻ**<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) | |
| (എ) | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സംസ്ഥാനത്ത് 2018-19, 2019-20 വർഷം എത്ര തൊഴിൽ ദിനങ്ങൾ നൽകുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സംസ്ഥാനത്ത് 2018-19 സാമ്പത്തിക വർഷം 975.26 ലക്ഷം തൊഴിൽ ദിനങ്ങളും, 2019-20 സാമ്പത്തിക വർഷം (25.10.2019 വരെ) 372.93 ലക്ഷം തൊഴിൽ ദിനങ്ങളും സൃഷ്ടിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ നൂറു ദിവസം തൊഴിൽ നല്കാൻ സാധിച്ചിട്ടുള്ള പഞ്ചായത്തുകൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | 2018-19 സാമ്പത്തിക വർഷം സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തുകളിലും തൊഴിൽ ആവശ്യപ്പെട്ട തൊഴിലാളികൾക്ക് 100 ദിവസം തൊഴിൽ നൽകിയിട്ടുണ്ട്. |
| (സി) | കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള ദിവസവേതനവും സംസ്ഥാന സർക്കാർ നൽകി വരുന്ന ദിവസവേതനവും എത്രയാണെന്ന് അറിയിക്കാമോ; | (സി) | 2019-20 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള ദിവസ വേതനം 271/- രൂപയാണ്. സംസ്ഥാനത്ത് ടി നിരക്കിൽ തൊഴിലാളികളുടെ വേതനം നൽകി വരുന്നു. |
| (ഡി) | വേതനം വർദ്ധിപ്പിക്കുന്ന നടപടികൾ ആലോചനയിലുണ്ടോ എന്ന് അറിയിക്കുമോ? | (ഡി) | ഓരോ സംസ്ഥാനത്തെയും വേതന നിരക്ക് നിശ്ചയിക്കുന്നത് കേന്ദ്ര സർക്കാരാണ്. |

**സെക്ഷൻ ഓഫീസർ.**